## കേരള സർക്കാർ

നം.തസ്വഭവ-406/ആർ.എ 1/2018-തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്
തിരുവനന്തപുരം, തീയതി:13/08/2018

### പരിപത്രം

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - 2018 ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ടിന്റെ പ്രാബല്യ തീയതിക്ക് മുമ്പ് പെർമിറ്റ് നല്കിയ നിർമ്മിതികളിൽ ഒക്കുപൻസി/കെട്ടിട നമ്പർ നല്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ 6/8/2018 ലെ 604/18/MLSGD നമ്പർ കുറിപ്പ്

2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് 30/12/2017 തീയതി പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. പ്രസ്തുത ആക്ടിലെ വകുപ്പ് 27 (എ) യിലാണ് വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിലെ നിർമ്മാണാനുമതിയെക്കുറിച്ച് പ്രതിപാദിക്കുന്നത്. എന്നാൽ 30/12/2017 ന് മുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ആക്ടിന്റെ പ്രാബല്യ തീയതിക്ക് മുമ്പ് നിർമ്മാണാനുമതി നല്കിയിട്ടുള്ളതും എന്നാൽ ടി ആക്ട് നിലവിൽവന്നതിനുശേഷം നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതുമായ കെട്ടിടങ്ങൾക്ക് ഒക്കുപൻസി/കെട്ടിട നമ്പർ ലഭിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സമീപിക്കുമ്പോൾ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറുടെ അനുമതി/സമ്മതപത്രം നിഷ്കർഷിച്ചുകൊണ്ട് അപേക്ഷകൾ നിരസിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2018 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് നിലവിൽവരുന്നതിന് മുമ്പ് അനുവദിച്ചിട്ടുള്ള നിർമ്മാണ പെർമിറ്റ് പ്രകാരം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് ഒക്കുപൻസി/കെട്ടിട നമ്പർ അനുവദിക്കുന്നതിനായി 30/12/2017 തീയതിക്ക് ശേഷം നിലവിൽവന്ന ആക്ടിലെ വകുപ്പുകൾ പ്രകാരമുള്ള രേഖകൾ നിഷ്കർഷിക്കുന്നത് ശരിയായ നടപടിയല്ലെന്ന് കാണുന്നു. അതിനാൽ 30/12/2017 ന് മുമ്പ് അന്ന് നിലവിലിരുന്ന ചട്ടങ്ങളും വ്യവസ്ഥകളും പാലിച്ച് അതുപ്രകാരം സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം എല്ലാവിധ പരിശോധനകളും നടത്തി ചട്ടവിധേയമാണെന്ന് ഉറപ്പുവരുത്തിയതിനുശേഷം അനുവദിച്ചിട്ടുള്ള നിർമ്മാണ പെർമിറ്റ് പ്രകാരം പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് ഒക്കുപൻസി/കെട്ടിട നമ്പറിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ 2018 ലെ കേരള നെൽവയൽതണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ടിലെ (2018 ലെ 29) വ്യവസ്ഥകൾ ബാധകമല്ലെന്നും പ്രസ്തുത കെട്ടിട നിർമ്മാണ പെർമിറ്റ് നല്കുമ്പോൾ നിലവിലുണ്ടായിരുന്ന നിയമങ്ങളാണ് ടി കെട്ടിടങ്ങൾക്ക് ഒക്കുപൻസി/കെട്ടിട നമ്പർ നല്കുന്ന അവസരത്തിൽ ബാധകമെന്നും ഇതിനാൽ അറിയിക്കുന്നു.

ടി.കെ.ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ഈ സർക്കുലറിന്റെ പകർപ്പ്
അടിയന്തിരമായി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്)